**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4827** — **13-03-2023 - ൽ മറുപടിയ്ക്ക്**

**മരണ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മാനദണ്ഡം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കടൽക്ഷോഭത്തിൽപ്പെട്ട് കാണാതാവുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കടൽക്ഷോഭത്തിൽപ്പെട്ട് കാണാതാവുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റവന്യൂ അധികാരി കളുടെ സാക്ഷ്യപത്രം ലഭിക്കുന്ന മുറക്ക് കാണാതായവരുടെ ആശ്രിതർക്ക് ധനസഹായം നൽകി വരുന്നുണ്ട്.<br><br>ഇൻഷ്വറൻസ് കമ്പനികളുമായി സഹകരിച്ച് നടപ്പിലാക്കുന്ന മത്സ്യത്തൊഴി ലാളി വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായി ട്ടുള്ളവർ കടൽക്ഷോഭത്തിൽപ്പെട്ട് കാണാതാവുകയാണെങ്കിൽ ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും "Missing claims can be considered after lapse of 7 years as per section 108 of Indian Evidence Act 1872" എന്ന വ്യവസ്ഥ പ്രകാരം കാണാതായി 7 വർഷങ്ങൾക്കു ശേഷം ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നുണ്ട്. |
| (ബി) | ഇത്തരം സംഭവങ്ങളിൽ മരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് 7 വർഷം എന്ന മാനദണ്ഡം ഒരു വർഷമായി മാറ്റാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | (ബി) | ഫിഷറീസ് വകുപ്പിന് മാത്രമായി ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ